**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 39** **06-12-2022 - ൽ മറുപടിയ്ക്ക്**

**വിലക്കയറ്റം നിയന്ത്രിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. എൻ.കെ. അക്ബർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ നയങ്ങൾ കാരണം രാജ്യത്തൊട്ടാകെയുണ്ടായ വൻ വിലക്കയറ്റം സംസ്ഥാനത്ത് നിയന്ത്രിച്ച് നിർത്തുന്നതിന് സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; പ്രസ്തുത പ്രവർത്തനങ്ങളുടെ ഫലമായി രാജ്യത്ത് ഏറ്റവും കുറഞ്ഞ വിലക്കയറ്റമുള്ള സംസ്ഥാനമാക്കി മാറ്റാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കേരളത്തിലെ പൊതു വിപണിയിലെ അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് വിവിധ തരം പ്രവർത്തനങ്ങളാണ് നടത്തുന്നത്. സംസ്ഥാനത്തെ ജനങ്ങൾ കൂടുതലായി കഴിക്കുന്നതരം അരി FCI വഴി സംഭരിച്ച്, റേഷൻകടകൾ വഴി വിതരണം ചെയ്യുന്നതിനാൽ സംസ്ഥാനത്തെ അരിവില പൊതുവിപണിയിൽ ഉയരുന്നത് തടയാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ സഹായത്തോടുകൂടി സപ്ലൈകോ നടത്തിവരുന്ന വിപണി ഇടപെടൽ മൂലം 13 അവശ്യസാധനങ്ങൾ സപ്ലൈകോയുടെ 1632 ഔട്ട്.ലെറ്റുകൾ (മാവേലിസ്റ്റോർ, സൂപ്പർമാർക്കറ്റ്, ഹൈപ്പർമാർക്കറ്റ്) വഴി മെയ് 2016 ലെ നിരക്കിൽ നല്കിവരുന്നു. ഇതുകൂടാതെ വകുപ്പിൽ നിലവിലുള്ള താലൂക്ക് തല സ്ക്വാഡുകളുടെ സഹായത്തോടുകൂടി പൂഴ്ത്തി വയ്പ്പും കരിഞ്ചന്തയും തടഞ്ഞ് വിപണിവില പിടിച്ചു നിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>അവശ്യ വസ്തുക്കളുടെ വിലയുടെ നിരീക്ഷണത്തിനും, അവശ്യവസ്തുക്കളുടെ വിലയുടെ ലഭ്യതയും സംബന്ധിച്ച് നയശുപാർശകളിൽ സർക്കാരിന് സഹായം നൽകുന്നതിന് കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ ‘Price Monitoring Cell’ പ്രവർത്തിച്ചു വരുന്നു. കേന്ദ്ര സർക്കാർ അംഗീകരിച്ച 14 ജില്ലകളിൽ നിന്നും വിലകൾ ശേഖരിച്ച് സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിന്റെ സഹായത്തോടെ PMS പോർട്ടലിൽ upload ചെയ്തു വരുന്നു.<br><br>പൊതുവിപണിയിൽ വില നിരീക്ഷണം സംബന്ധിച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിഭാവനം ചെയ്തിട്ടുള്ള രീതിയിൽ വില ശേഖരണം നടപ്പിൽ വരുത്തുന്നതിനും, സർക്കാരിന് കാര്യക്ഷമമായ |

ഇടപെടൽ പൊതുവിപണിയിൽ നടത്തുന്നതിനും, ആയതു വഴി അനുദിനം വർദ്ധിച്ചു വരുന്ന പൊതുവിപണിയിലെ വില നിയന്ത്രിക്കുന്നതിനും അതിന്റെ കാരണങ്ങൾ വിലയിരുത്തുന്നതിനും വേണ്ടി G.O.(Rt) No: 173/2022/F&CSD dtd 18.05.2022 പ്രകാരം 'Centre for price Research Kerala' രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ സംബന്ധിച്ച് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ യോഗം കൂടി വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വില നിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്താറുണ്ട്.

സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനു വേണ്ടി സഹകരണ മേഖലയിൽ കൺസ്യൂമർഫെഡിന്റെ ത്രിവേണി സൂപ്പർ മാർക്കറ്റുകളിലൂടെയും പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെയും, നിത്യോപയോഗ സാധനങ്ങൾ വിപണിയേക്കാൾ വിലക്കുറവിൽ വിതരണം ചെയ്യുന്നുണ്ട്. ഉത്സവ കാലങ്ങളിൽ കൺസ്യൂമർഫെഡിന്റെ ത്രിവേണി സൂപ്പർ മാർക്കറ്റുകളിലൂടെയും സഹകരണ സംഘങ്ങളെ കൂട്ടി യോജിപ്പിച്ചു കൊണ്ടും സർക്കാർ ധനസഹായത്തോടുകൂടി സബ്സിഡി നിരക്കിൽ വിപണി നടത്തുന്നുണ്ട്. തൻ വർഷം ഇത്തരത്തിൽ കൺസ്യൂമർഫെഡ് മുഖേന ഓണം വിപണി നടത്തിയിരുന്നു. അതുപോലെ കൺസ്യൂമർഫെഡ് സ്വന്തമായും പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേനയും നടത്തി വരുന്ന നീതി മെഡിക്കൽ സ്റ്റോറുകൾ ആദായകരമായ നിരക്കിൽ മരുന്ന് വിതരണം നടത്തുന്നുണ്ട്. കൂടാതെ കൺസ്യൂമർഫെഡ് സ്വന്തമായി ഉത്പാദിപ്പിക്കുന്ന ത്രിവേണി നോട്ട് ബുക്കുകളും ആഫീസ് സ്റ്റേഷനറികളും മറ്റും കുറഞ്ഞ വിലയ്ക്ക് വിൽപ്പന നടത്തുന്നുമുണ്ട്. സ്കൂൾ സീസണിൽ പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സ്റ്റുഡന്റ്സ് മാർക്കറ്റുകളും നടത്തുന്നുണ്ട്. സംസ്ഥാനത്ത് വിലക്കയറ്റം നിയന്ത്രിച്ച് നിർത്തുന്നതിന്റെ ഭാഗമായി മേൽ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

| | | | |
|---|---|---|---|
| (ബി) | കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനെ സാമ്പത്തികമായി ഞെരുക്കുന്ന തരത്തിലുളള നടപടികൾ സ്വീകരിക്കുമ്പോഴും എല്ലാ വിഭാഗം ജനങ്ങളിലേക്കുമെത്തുന്ന തരത്തിൽ സംസ്ഥാനത്ത് ക്ഷേമ പ്രവർത്തനങ്ങൾ തുടരാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന 890 ക്ഷേമ സ്ഥാപനങ്ങളിലും ഹോസ്റ്റലുകളിലുമായി അഗതികളും ആലംബഹീനരുമായ 37634 പേരുടെ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി, ഒരു അംഗത്തിന് 10.5 kg അരിയും 4.5 kg ഗോതമ്പും പ്രതിമാസം സൗജന്യ നിരക്കിൽ നൽകിവരുന്നു. കൂടാതെ 2022 ലെ ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡുടമകൾക്കും 14 ഇനം അവശ്യസാധനങ്ങൾ അടങ്ങിയ സൗജന്യ ഓണകിറ്റുകൾ വിതരണം ചെയ്തു. സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയിലെ അന്തേവാസികളുടെ ഭക്ഷ്യസുരക്ഷ ഉറപ്പ വരുത്തുന്നതിനായി പ്രസ്തുത സ്ഥാപനങ്ങളിലെ നാല് അന്തേവാസികൾക്ക് ഒരു കിറ്റ് എന്ന രീതിയിലും ഒരു കാർഡിലും ഉൾപ്പെടാത്ത ട്രാൻസ്ജന്റേർസിന് ആധാർ പരിശോധിച്ചും 18957 ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു. ടി കിറ്റ് ഉൾപ്പെടെ 2022 ഓണത്തോടനുബന്ധിച്ച് ആകെ 85,88,540 ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തു. കൂടാതെ സംസ്ഥാനത്ത് അരിയുടെ വിലക്കയറ്റം തടയുന്നതിന് എല്ലാ ജില്ലകളിലും സപ്ലൈകോയുടെ അരി വണ്ടികൾ പ്രവർത്തിച്ചിരുന്നു. കൂടാതെ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പൊതുവിതരണവകുപ്പ് ഉദ്യോഗസ്ഥർ പൊതു വിപണിയിലെ 3222 കടകളിൽ പരിശോധനകൾ നടത്തുകയും വിലവിവര പട്ടിക പ്രദർശിപ്പിക്കാത്ത 619 കടകൾക്കെതിരെ നോട്ടീസ് നല്കി നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം മിതമായ നിരക്കിൽ നൽകുക എന്ന ഉദ്ദേശത്തോടെ, കേരളത്തിലെ 50 നിയോജകമണ്ഡലങ്ങളിൽ "സുഭിക്ഷ" ഹോട്ടലുകൾ ആരംഭിച്ച് 20 രൂപ നിരക്കിൽ ഉച്ച ഭക്ഷണം നൽകി വരുന്നു.<br><br>സംസ്ഥാനത്ത് ആകെ 52,38,287 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളു |

| | | | |
|---|---|---|---|
| | | | 12,14,125 ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കളുമാണുള്ളത്. ഇതിൽ അർഹരായ 50,67,443 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്കും സർക്കാർ ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡുകളിലെ 6,73,561 ഗുണഭോക്താക്കൾക്കും 2022 സെപ്റ്റംബർ മാസത്തെ പെൻഷൻ നൽകുന്നതിനായി 879.51 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതാത മാസം തന്നെ പെൻഷൻ നൽകുക എന്നതാണ് സർക്കാർ നയം.<br><br>കോവിഡ്-19 ആദ്യ വ്യാപന സമയത്തും രണ്ടാം വ്യാപന സമയത്തും പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജ് പ്രകാരം സാമൂഹ്യ സുരക്ഷാപെൻഷനോ വെൽഫെയർ ഫണ്ട് പെൻഷനോ ലഭിക്കാത്ത ഓരോ BPL(PHH)/ അന്ത്യോദയ അന്നയോജന കുടുംബത്തിനും സാമ്പത്തിക കൈത്താങ്ങായി ആയിരം രൂപ വീതം നൽകുന്നതിനായി സ.ഉ(സാധാ) നം.2947/2020/ധന തീയതി 05.05.2020, സ.ഉ(സാധാ) നം.4650/2021/ധന തീയതി 24.06.2021, സ.ഉ(സാധാ) നം.5921/2021/ധന തീയതി 09.09.2021 (erratum G.O) എന്നിവ പ്രകാരം ഉത്തരവു പുറപ്പെടുവിക്കുകയും മേൽ തുക സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (സി) | ജി.എസ്.ടി. നഷ്ടപരിഹാരം, റവന്യൂ കമ്മി ഗ്രാന്റ്, കേന്ദ്ര നികുതി വിഹിതം എന്നീ ഇനങ്ങളിൽ കഴിഞ്ഞ വർഷം കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച തുകയും ഈ വർഷം ഇതുവരെ ലഭിച്ച തുകയും എത്ര വീതമെന്ന് അറിയിക്കാമോ? | (സി) | 2021-22 സാമ്പത്തിക വർഷം ജി.എസ്.ടി നഷ്ട പരിഹാരം- ഗ്രാന്റായി 3855.55 കോടി രൂപയും ജി.എസ്.ടി നഷ്ട പരിഹാരം- ലോണായി 8739.31 കോടി രൂപയും റവന്യൂ കമ്മി ഗ്രാന്റ് ആയി 19891 കോടി രൂപയും കേന്ദ്ര നികുതി വിഹിതം ആയി 17820.09 കോടി രൂപയും ലഭ്യമായിട്ടുണ്ട്.<br><br>2022-23 സാമ്പത്തിക വർഷം 29.11.2022 വരെ ജി.എസ്.ടി നഷ്ടപരിഹാരമായി 6465.47 കോടി രൂപയും റവന്യൂ കമ്മി ഗ്രാന്റായി 8782.67 കോടി രൂപയും കേന്ദ്ര നികുതി വിഹിതമായി 10608.80 കോടി രൂപയും ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>പതിനഞ്ചാം കേരള നിയമസഭ</u>
<u>ഏഴാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 39</u>
<u>06/12/2022- ലെ മറുപടിയ്ക്ക്</u>

## സംസ്ഥാനത്തിന്റെ വരുമാനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ**<br>**ശ്രീമതി കെ.കെ ശൈലജ ടീച്ചർ**<br>**ശ്രീ എം. എസ് അരുൺ കുമാർ**<br>**ശ്രീ. എൻ.കെ അക് ബർ** | **ശ്രീ.കെ.എൻ ബാലഗോപാൽ**<br>**ബഹു.ധനകാര്യ വകുപ്പ് മന്ത്രി** |
| (എ) കേന്ദ്ര സർക്കാർ നയങ്ങൾ കാരണം രാജ്യത്തൊട്ടാകെയുണ്ടായ വൻ വിലക്കയറ്റം സംസ്ഥാനത്ത് നിയന്ത്രിച്ച് നിർത്തുന്നതിന് സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; പ്രസ്തുത പ്രവർത്തനങ്ങളുടെ ഫലമായി രാജ്യത്ത് ഏറ്റവും കുറഞ്ഞ വിലക്കയറ്റമുള്ള സംസ്ഥാനമാക്കി മാറ്റാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | കേരളത്തിലെ പൊതു വിപണിയിലെ അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് വിവിധ തരം പ്രവർത്തനങ്ങളാണ് നടത്തുന്നത്. സംസ്ഥാനത്തെ ജനങ്ങൾ കൂടുതലായി കഴിക്കുന്നതരം അരി FCI വഴി സംഭരിച്ച്, റേഷൻകടകൾ വഴി വിതരണം ചെയ്യുന്നതിനാൽ സംസ്ഥാനത്തെ അരിവില പൊതുവിപണിയിൽ ഉയരുന്നത് തടയാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ സഹായത്തോടുകൂടി സപ്ലൈകോ നടത്തിവരുന്ന വിപണി ഇടപെടൽ മൂലം 13 അവശ്യസാധനങ്ങൾ സപ്ലൈകോയുടെ 1632 ഔട്ട്ലെറ്റുകൾ (മാവേലിസ്റ്റോർ, സൂപ്പർമാർക്കറ്റ്, ഹൈപ്പർമാർക്കറ്റ്) വഴി മെയ് 2016 ലെ നിരക്കിൽ നല്കിവരുന്നു. ഇതുകൂടാതെ വകുപ്പിൽ നിലവിലുള്ള താലൂക്ക് തല സ്ക്വാഡുകളുടെ സഹായത്തോടുകൂടി പൂഴ്ത്തി വയ്പ്പും കരിഞ്ചന്തയും തടഞ്ഞ് വിപണിവില പിടിച്ചു നിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| | അവശ്യ വസ്തുക്കളുടെ വിലയുടെ നിരീക്ഷണത്തിനും, അവശ്യവസ്തുക്കളുടെ വിലയുടെ ലഭ്യതയും സംബന്ധിച്ച് നയരൂപാർശകളിൽ സർക്കാരിന് സഹായം നൽകുന്നതിന് കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ 'Price Monitoring Cell' പ്രവർത്തിച്ചു വരുന്നു. കേന്ദ്ര സർക്കാർ അംഗീകരിച്ച 14 ജില്ലകളിൽ നിന്നും വിലകൾ ശേഖരിച്ച് സാമ്പത്തിക സ്ഥിതി വിവര കണക്ക വകുപ്പിന്റെ സഹായത്തോടെ PMS പോർട്ടലിൽ upload ചെയ്തു വരുന്നു.<br><br>പൊതുവിപണിയിൽ വില നിരീക്ഷണം സംബന്ധിച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിഭാവനം ചെയ്തിട്ടുള്ള രീതിയിൽ വില ശേഖരണം നടപ്പിൽ വരുത്തുന്നതിനും, സർക്കാരിന് കാര്യക്ഷമമായ ഇടപെടൽ പൊതുവിപണിയിൽ നടത്തുന്നതിനും, ആയതു വഴി അനുദിനം വർദ്ധിച്ചു വരുന്ന പൊതുവിപണിയിലെ വില നിയന്ത്രിക്കുന്നതിനും അതിന്റെ കാരണങ്ങൾ വിലയിരുത്തുന്നതിനും വേണ്ടി G.O.(Rt) No: 173/2022/F&CSD dtd 18.05.2022 പ്രകാരം 'Centre for price Research Kerala' രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.<br><br>കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ സംബന്ധിച്ച് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ യോഗം കൂടി വ്യാപാരി സമൂഹത്തെകൂടി വിശ്വാസത്തിലെടുത്ത് വില നിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിത്യോപയോഗ സാധനങ്ങളുടെ |

| | |
|---|---|
| | വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്താറുണ്ട്.<br><br>സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനു വേണ്ടി സഹകരണ മേഖലയിൽ കൺസ്യൂമർഫെഡിന്റെ ത്രിവേണി സൂപ്പർ മാർക്കറ്റുകളിലൂടെയും പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെയും, നിത്യോപയോഗ സാധനങ്ങൾ വിപണിയേക്കാൾ വിലക്കുറവിൽ വിതരണം ചെയ്യുന്നുണ്ട്. ഉത്സവ കാലങ്ങളിൽ കൺസ്യൂമർഫെഡിന്റെ ത്രിവേണി സൂപ്പർ മാർക്കറ്റുകളിലൂടെയും സഹകരണ സംഘങ്ങളെ കൂട്ടി യോജിപ്പിച്ചു കൊണ്ടും സർക്കാർ ധനസഹായത്തോടുകൂടി സബ്സിഡി നിരക്കിൽ വിപണി നടത്തുന്നുണ്ട്. ഈ വർഷം ഇത്തരത്തിൽ കൺസ്യൂമർഫെഡ് മുഖേന ഓണം വിപണി നടത്തിയിരുന്നു. അതുപോലെ കൺസ്യൂമർഫെഡ് സ്വന്തമായും പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേനയും നടത്തി വരുന്ന നീതി മെഡിക്കൽ സ്റ്റോറുകൾ ആദായകരമായ നിരക്കിൽ മരുന്ന് വിതരണം നടത്തുന്നുണ്ട്. കൂടാതെ കൺസ്യൂമർഫെഡ് സ്വന്തമായി ഉത്പാദിപ്പിക്കുന്ന ത്രിവേണി നോട്ട് ബുക്കുകളും ആഫീസ് സ്റ്റേഷനറികളും മറ്റും കുറഞ്ഞ വിലയ്ക്ക് വിൽപ്പന നടത്തുന്നുമുണ്ട്. സ്കൂൾ സീസണിൽ പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സ്റ്റുഡന്റ്സ് മാർക്കറ്റുകളും നടത്തുന്നുണ്ട്. സംസ്ഥാനത്ത് വിലക്കയറ്റം നിയന്ത്രിച്ച് നിർത്തുന്നതിന്റെ ഭാഗമായി മേൽ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

| | |
|---|---|
| (ബി) കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനെ സാമ്പത്തികമായി ഞെരുക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുമ്പോഴും എല്ലാ വിഭാഗം ജനങ്ങളിലേക്കുമെത്തുന്ന തരത്തിൽ സംസ്ഥാനത്ത് ക്ഷേമ പ്രവർത്തനങ്ങൾ തുടരാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന 890 ക്ഷേമ സ്ഥാപനങ്ങളിലും ഹോസ്റ്റലുകളിലുമായി അഗതികളും ആലംബഹീനരുമായ 37634 പേരുടെ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി, ഒരു അംഗത്തിന് 10.5 kg അരിയും 4.5 kg ഗോതമ്പും പ്രതിമാസം സൗജന്യ നിരക്കിൽ നൽകിവരുന്നു. കൂടാതെ 2022 ലെ ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡുടമകൾക്കും 14 ഇനം അവശ്യസാധനങ്ങൾ അടങ്ങിയ സൗജന്യ ഓണകിറ്റുകൾ വിതരണം ചെയ്തു. സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയിലെ അന്തേവാസികളുടെ ഭക്ഷ്യസുരക്ഷ ഉറപ്പു വരുത്തുന്നതിനായി പ്രസ്തുത സ്ഥാപനങ്ങളിലെ നാല് അന്തേവാസികൾക്ക് ഒരു കിറ്റ് എന്ന രീതിയിലും ഒരു കാർഡിലും ഉൾപ്പെടാത്ത ട്രാൻസ്ജന്റേർസിന് ആധാർ പരിശോധിച്ചും 18957 ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു. ടി കിറ്റ് ഉൾപ്പെടെ 2022 ഓണത്തോടനുബന്ധിച്ച് ആകെ 85,88,540 ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തു. കൂടാതെ സംസ്ഥാനത്ത് അരിയുടെ വിലക്കയറ്റം തടയുന്നതിന് എല്ലാ ജില്ലകളിലും സപ്ലൈകോയുടെ അരി വണ്ടികൾ പ്രവർത്തിച്ചിരുന്നു. കൂടാതെ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പൊതുവിതരണവകുപ്പ് ഉദ്യോഗസ്ഥർ പൊതു വിപണിയിലെ 3222 കടകളിൽ പരിശോധനകൾ നടത്തുകയും വിലവിവര പട്ടിക |

| | |
|---|---|
| | പ്രദർശിപ്പിക്കാത്ത 619 കടകൾക്കെതിരെ നോട്ടീസ് നല്കി നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം മിതമായ നിരക്കിൽ നൽകുക എന്ന ഉദ്ദേശത്തോടെ, കേരളത്തിലെ 50 നിയോജകമണ്ഡലങ്ങളിൽ "സുഭിക്ഷ" ഹോട്ടലുകൾ ആരംഭിച്ച് 20 രൂപ നിരക്കിൽ ഉച്ച ഭക്ഷണം നൽകി വരുന്നു.<br>സംസ്ഥാനത്ത് ആകെ 52,38,287 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളും 12,14,125 ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കളുമാണുള്ളത്. ഇതിൽ അർഹരായ 50,67,443 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്കും സർക്കാർ ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡുകളിലെ 6,73,561 ഗുണഭോക്താക്കൾക്കും 2022 സെപ്റ്റംബർ മാസത്തെ പെൻഷൻ നൽകുന്നതിനായി 879.51 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതാത് മാസം തന്നെ പെൻഷൻ നൽകുക എന്നതാണ് സർക്കാർ നയം.<br>കോവിഡ്-19 ആദ്യ വ്യാപന സമയത്തും രണ്ടാം വ്യാപന സമയത്തും പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജ് പ്രകാരം സാമൂഹ്യ സുരക്ഷാപെൻഷനോ വെൽഫെയർ ഫണ്ട് പെൻഷനോ ലഭിക്കാത്ത ഓരോ BPL(PHH), അന്ത്യോദയ അന്നയോജന കുടുംബത്തിനും സാമ്പത്തിക കൈത്താങ്ങായി ആയിരം രൂപ വീതം നൽകുന്നതിനായി സ.ഉ(സാധാ) നം.2947/2020/ധന തീയതി 05.05.2020, സ.ഉ(സാധാ) നം.4650/2021/ധന തീയതി 24.06.2021, സ.ഉ(സാധാ) |

| | |
|---|---|
| | നം.5921/2021/ധന തീയതി 09.09.2021 (erratum G.O) എന്നിവ പ്രകാരം ഉത്തരവ്വ പുറപ്പെട്ടുവിക്കുകയും മേൽ തുക സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (സി) ജി.എസ്.ടി നഷ്ടപരിഹാരം, റവന്യൂ കമ്മി ഗ്രാന്റ്, കേന്ദ്ര നികുതി വിഹിതം എന്നീ ഇനങ്ങളിൽ കഴിഞ്ഞ വർഷം കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച തുകയും ഈ വർഷം ഇതുവരെ ലഭിച്ച തുകയും എത്ര വീതമെന്ന് അറിയിക്കാമോ? | 2021-22 സാമ്പത്തിക വർഷം ജി.എസ്.ടി നഷ്ട പരിഹാരം- ഗ്രാന്റായി 3855.55 കോടി രൂപയും ജി.എസ്.ടി നഷ്ട പരിഹാരം- ലോണായി 8739.31 കോടി രൂപയും റവന്യൂ കമ്മി ഗ്രാന്റ് ആയി 19891 കോടി രൂപയും കേന്ദ്ര നികുതി വിഹിതം ആയി 17820.09 കോടി രൂപയും ലഭ്യമായിട്ടുണ്ട്.<br>2022-23 സാമ്പത്തിക വർഷം 29.11.2022 വരെ ജി.എസ്.ടി നഷ്ടപരിഹാരമായി 6465.47 കോടി രൂപയും റവന്യൂ കമ്മി ഗ്രാന്റായി 8782.67 കോടി രൂപയും കേന്ദ്ര നികുതി വിഹിതമായി 10608.80 കോടി രൂപയും ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## <u>വിശദീകരണ കുറിപ്പ്</u>

കേരളത്തിലെ പൊതു വിപണിയിലെ അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് വിവിധ തരം പ്രവർത്തനങ്ങളാണ് നടത്തുന്നത്. സംസ്ഥാനത്തെ ജനങ്ങൾ കൂടുതലായി കഴിക്കുന്നതരം അരി FCI വഴി സംഭരിച്ച്, റേഷൻകടകൾ വഴി വിതരണം ചെയ്യുന്നതിനാൽ സംസ്ഥാനത്തെ അരിവില പൊതുവിപണിയിൽ ഉയരുന്നത് തടയാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ സഹായത്തോടുകൂടി സപ്ലൈകോ നടത്തിവരുന്ന വിപണി ഇടപെടൽ മൂലം 13 അവശ്യസാധനങ്ങൾ സപ്ലൈകോയുടെ 1632 ഔട്ട്ലെറ്റുകൾ (മാവേലിസ്റ്റോർ, സൂപ്പർമാർക്കറ്റ്, ഹൈപ്പർമാർക്കറ്റ്) വഴി മെയ് 2016 ലെ നിരക്കിൽ നല്കിവരുന്നു. ഇതുകൂടാതെ വകുപ്പിൽ നിലവിലുള്ള താലൂക്ക് തല സ്ക്വാഡുകളുടെ സഹായത്തോടുകൂടി പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടഞ്ഞ് വിപണിവില പിടിച്ചു നിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അവശ്യ വസ്തുക്കളുടെ വിലയുടെ നിരീക്ഷണത്തിനും, അവശ്യവസ്തുക്കളുടെ വിലയുടെ ലഭ്യതയും സംബന്ധിച്ച് നയശുപാർശകളിൽ സർക്കാരിന് സഹായം നൽകുന്നതിന് കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ 'Price Monitoring Cell' പ്രവർത്തിച്ചു വരുന്നു. കേന്ദ്ര സർക്കാർ അംഗീകരിച്ച 14 ജില്ലകളിൽ നിന്നും വിലകൾ ശേഖരിച്ച് സാമ്പത്തിക സ്ഥിതി വിവര കണക്കു വകുപ്പിന്റെ സഹായത്തോടെ PMS പോർട്ടലിൽ upload ചെയ്തു വരുന്നു.

പൊതുവിപണിയിൽ വില നിരീക്ഷണം സംബന്ധിച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിഭാവനം ചെയ്തിട്ടുള്ള രീതിയിൽ വില ശേഖരണം നടപ്പിൽ വരുത്തുന്നതിനും, സർക്കാരിന് കാര്യക്ഷമമായ ഇടപെടൽ പൊതുവിപണിയിൽ നടത്തുന്നതിനും, ആയതു വഴി അനുദിനം വർദ്ധിച്ചു വരുന്ന പൊതുവിപണിയിലെ വില

നിയന്ത്രിക്കുന്നതിനും അതിന്റെ കാരണങ്ങൾ വിലയിരുത്തുന്നതിനും വേണ്ടി G.O.(Rt) No: 173/2022/F&CSD dtd 18.05.2022 പ്രകാരം 'Centre for price Research Kerala' രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ സംബന്ധിച്ച് ജില്ല കളക്ടർമാരുടെ നേതൃത്വത്തിൽ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വില നിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്താറുണ്ട്.

സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനു വേണ്ടി സഹകരണ മേഖലയിൽ കൺസ്യൂമർഫെഡിന്റെ ത്രിവേണി സൂപ്പർ മാർക്കറ്റുകളിലൂടെയും പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെയും, നിത്യോപയോഗ സാധനങ്ങൾ വിപണിയേക്കാൾ വിലക്കുറവിൽ വിതരണം ചെയ്യുന്നുണ്ട്. ഉത്സവ കാലങ്ങളിൽ കൺസ്യൂമർഫെഡിന്റെ ത്രിവേണി സൂപ്പർ മാർക്കറ്റുകളിലൂടെയും സഹകരണ സംഘങ്ങളെ കൂട്ടി യോജിപ്പിച്ചു കൊണ്ടും സർക്കാർ ധനസഹായത്തോടുകൂടി സബ്സിഡി നിരക്കിൽ വിപണി നടത്തുന്നുണ്ട്. തൻ വർഷം ഇത്തരത്തിൽ കൺസ്യൂമർഫെഡ് മുഖേന ഓണം വിപണി നടത്തിയിരുന്നു. അതുപോലെ കൺസ്യൂമർഫെഡ് സ്വന്തമായും പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേനയും നടത്തി വരുന്ന നീതി മെഡിക്കൽ സ്റ്റോറുകൾ ആദായകരമായ നിരക്കിൽ മരുന്ന് വിതരണം നടത്തുന്നുണ്ട്. കൂടാതെ കൺസ്യൂമർഫെഡ് സ്വന്തമായി ഉത്പാദിപ്പിക്കുന്ന ത്രിവേണി നോട്ട് ബുക്കുകളും ആഫീസ് സ്റ്റേഷനറികളും മറ്റും കുറഞ്ഞ വിലയ്ക്ക് വിൽപ്പന നടത്തുന്നുമുണ്ട്. സ്കൂൾ

സീസണിൽ പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സ്റ്റുഡന്റ്സ് മാർക്കറ്റുകളും നടത്തുന്നുണ്ട്. സംസ്ഥാനത്ത് വിലക്കയറ്റം നിയന്ത്രിച്ച് നിർത്തുന്നതിന്റെ ഭാഗമായി മേൽ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന 890 ക്ഷേമ സ്ഥാപനങ്ങളിലും ഹോസ്റ്റലുകളിലുമായി അഗതികളും ആലംബഹീനരുമായ 37634 പേരുടെ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി, ഒരു അംഗത്തിന് 10.5 kg അരിയും 4.5 kg ഗോതമ്പും പ്രതിമാസം സൗജന്യ നിരക്കിൽ നൽകിവരുന്നു. കൂടാതെ 2022 ലെ ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡുടമകൾക്കും 14 ഇനം അവശ്യസാധനങ്ങൾ അടങ്ങിയ സൗജന്യ ഓണകിറ്റുകൾ വിതരണം ചെയ്തു. സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയിലെ അന്തേവാസികളുടെ ഭക്ഷ്യസുരക്ഷ ഉറപ്പു വരുത്തുന്നതിനായി പ്രസ്തുത സ്ഥാപനങ്ങളിലെ നാല് അന്തേവാസികൾക്ക് ഒരു കിറ്റ് എന്ന രീതിയിലും ഒരു കാർഡിലും ഉൾപ്പെടാത്ത ട്രാൻസ്ജന്റേർസിന് ആധാർ പരിശോധിച്ചും 18957 ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു. ടി കിറ്റ് ഉൾപ്പെടെ 2022 ഓണത്തോടനുബന്ധിച്ച് ആകെ 85,88,540 ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തു. കൂടാതെ സംസ്ഥാനത്ത് അരിയുടെ വിലക്കയറ്റം തടയുന്നതിന് എല്ലാ ജില്ലകളിലും സപ്ലൈകോയുടെ അരി വണ്ടികൾ പ്രവർത്തിച്ചിരുന്നു. കൂടാതെ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പൊതുവിതരണവകുപ്പ് ഉദ്യോഗസ്ഥർ പൊതു വിപണിയിലെ 3222 കടകളിൽ പരിശോധനകൾ നടത്തുകയും വിലവിവര പട്ടിക പ്രദർശിപ്പിക്കാത്ത 619 കടകൾക്കെതിരെ നോട്ടീസ് നല്കി നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം മിതമായ നിരക്കിൽ നൽകുക എന്ന ഉദ്ദേശത്തോടെ, കേരളത്തിലെ 50 നിയോജകമണ്ഡലങ്ങളിൽ

"സുഭിക്ഷ" ഹോട്ടലുകൾ ആരംഭിച്ച് 20 രൂപ നിരക്കിൽ ഉച്ച ഭക്ഷണം നൽകി വരുന്നു.

സംസ്ഥാനത്ത് ആകെ 52,38,287 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളും 12,14,125 ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കളുമാണുള്ളത്. ഇതിൽ അർഹരായ 50,67,443 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്കും സർക്കാർ ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡുകളിലെ 6,73,561 ഗുണഭോക്താക്കൾക്കും 2022 സെപ്റ്റംബർ മാസത്തെ പെൻഷൻ നൽകുന്നതിനായി 879.51 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതാത് മാസം തന്നെ പെൻഷൻ നൽകുക എന്ന സർക്കാർ നയം 06.09.2020 ലെ സ.ഉ(എം.എസ്) നം.118/2020/ധന ഉത്തരവ് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

കോവിഡ്-19 ആദ്യ വ്യാപന സമയത്തും രണ്ടാം വ്യാപന സമയത്തും പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജ് പ്രകാരം സാമൂഹ്യ സുരക്ഷാപെൻഷനോ വെൽഫെയർ ഫണ്ട് പെൻഷനോ ലഭിക്കാത്ത ഓരോ BPL(PHH), അന്ത്യോദയ അന്നയോജന കുടുംബത്തിനും സാമ്പത്തിക കൈത്താങ്ങായി ആയിരം രൂപ വീതം നൽകുന്നതിനായി സ.ഉ(സാധാ) നം.2947/2020/ധന തീയതി 05.05.2020, സ.ഉ(സാധാ) നം.4650/2021/ധന തീയതി 24.06.2021, സ.ഉ(സാധാ) നം.5921/2021/ധന തീയതി 09.09.2021 (erratum G.O) എന്നിവ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും മേൽ തുക സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷം ജി.എസ്.ടി നഷ്ട പരിഹാരം- ഗ്രാന്റായി 3855.55 കോടി രൂപയും ജി.എസ്.ടി നഷ്ട പരിഹാരം- ലോണായി 8739.31 കോടി രൂപയും റവന്യൂ കമ്മി ഗ്രാന്റ് ആയി 19891 കോടി രൂപയും കേന്ദ്ര നികുതി വിഹിതം ആയി 17820.09 കോടി രൂപയും ലഭ്യമായിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷം 29.11.2022 വരെ ജി.എസ്.ടി നഷ്ടപരിഹാരമായി 6465.47 കോടി രൂപയും റവന്യൂ കമ്മി ഗ്രാന്റായി 8782.67 കോടി രൂപയും കേന്ദ്ര നികുതി വിഹിതമായി 10608.80 കോടി രൂപയും ലഭ്യമായിട്ടുണ്ട്.